**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6606** **11-11-2021 - ൽ മറുപടിയ്ക്ക്**

**ഉന്നത വിദ്യാഭ്യാസ രംഗത്ത് സർക്കാർ/എയ്ഡഡ് മേഖലകളിൽ പുതിയ കോഴ്സുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. ടി. എ. റഹീം | | **Dr. R. Bindu**<br>**(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് പുതിയ സ്വാശ്രയ കോളേജുകൾ ആരംഭിക്കുവാൻ അനുമതി നൽകുന്നതിന് ആലോചനയുണ്ടോ എന്ന് വിശദമാക്കാമോ; | (എ) | സ്വാശ്രയ മേഖലയിൽ പുതിയ കോളേജുകൾ ആരംഭിക്കുന്നത് സംബന്ധിച്ച് സർക്കാർ തീരുമാനിച്ചിട്ടില്ല. |
| (ബി) | ഉന്നത വിദ്യാഭ്യാസ രംഗത്ത് ഓരോ കോഴ്സുകളിലും നിലവിലുള്ള സീറ്റ് ക്ഷാമം പരിഹരിക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചു വരുന്നതെന്ന് അറിയിക്കാമോ; | (ബി) | 05.08.2021 ലെ സ ഉ (സാധാ) നം. 1011/21/ഉവിവ ഉത്തരവ് പ്രകാരം ഡിഗ്രി ക്ലാസ്സുകളിൽ പരമാവധി 70 സീറ്റും പിജി ക്ലാസ്സുകളിൽ സയൻസ് വിഷയങ്ങൾക്ക് 25 സീറ്റും, ആർട്സ് കോമേഴ്സ് വിഷയങ്ങൾക്ക് 30 സീറ്റും എന്ന പരിധിയ്ക്ക് വിധേയമായി സീറ്റുകൾ വർദ്ധിപ്പിക്കുവാൻ ഉത്തരവായിട്ടുണ്ട്. |
| (സി) | മലബാർ മേഖലയിൽ ബിരുദ, ബിരുദാനന്തര ബിരുദ വിഷയങ്ങളിൽ പഠനം നടത്തുന്നതിന് വേണ്ടത്ര സൗകര്യങ്ങളില്ലാത്തത് പരിഗണിച്ച് സർക്കാർ/ എയ്ഡഡ് മേഖലകളിൽ പുതിയ കോഴ്സുകൾ അനുവദിക്കുന്ന കാര്യം പരിഗണിക്കാമോ? | (സി) | 2020-21 വർഷത്തിൽ മലബാർ മേഖലയിലെ 29 സർക്കാർ കോളേജുകളിലായി 29 കോഴ്സുകളും, 32 എയ്ഡഡ് കോളേജുകളിലായി 38 കോഴ്സുകളും അനുവദിച്ച് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. 2021-22 വർഷം കാലിക്കറ്റ് സർവ്വകലാശാലയുടെ കീഴിലുള്ള 60 സ്വാശ്രയ കോളേജുകളിൽ 68 പുതിയ കോഴ്സുകൾ ആരംഭിച്ചിട്ടുണ്ട്. മലബാർ മേഖലയിലെ സാങ്കേതിക വിദ്യാഭ്യാസ വകുപ്പിന് കീഴിലുള്ള പാലക്കാട്, കണ്ണൂർ സർക്കാർ എഞ്ചിനീയറിംഗ് കോളേജുകളിൽ പുതിയ ബിരുദ, ബിരുദാനന്തര കോഴ്സുകൾ അനുവദിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ